പ്രതികരണം

# വരുൺഗാന്ധി ഹിന്ദുവായപ്പോൾ

ഡോ. എം.എസ് ജയപ്രകാശ്

**'അരമന** രഹസ്യം അങ്ങാടിയിൽ പാട്ട്' എന്ന പഴഞ്ചൊല്ലിനെ അനുസ്മരിപ്പിക്കുന്നതാണ് വരുൺഗാന്ധിയുടെ വർഗീയ വിഷം വമിക്കുന്ന പ്രസംഗം. മുസ്‌ലിം വംശഹത്യക്ക് ആഹ്വാനം ചെയ്യുന്ന തരത്തിൽ വർഗീയ പ്രസംഗം നടത്തിയ വരുൺഗാന്ധി കുടുംബപരമായും ചരിത്രപരമായും ഹിന്ദുവല്ല. "ഞാൻ ഗാന്ധിയും ഹിന്ദുവും ഇന്ത്യക്കാരനുമാണ്" എന്ന വരുൺ ഗാന്ധിയുടെ പ്രസ്താവന അബദ്ധജഡിലവും അസംബന്ധവും അവാസ്തവവുമാണ്. ഹിന്ദുക്കൾക്ക് വേണ്ടിയാണ് സംസാരിച്ചതെന്ന വരുണിന്റെ അവകാശവാദം പൊളിക്കുന്നതാണ് സംഘ്പരിവാർ കേന്ദ്രങ്ങൾ വെബ്സൈറ്റിലൂടെ പ്രചരിപ്പിക്കുന്ന കാര്യങ്ങൾ. നെഹ്റു കുടുംബം പേർഷ്യൻ പദമായ 'ഗാണ്ഡി'യെ ഗാന്ധിയെന്ന ഉച്ചാരണത്തിൽ അവതരിപ്പിക്കുകയാണ് ചെയ്തതെന്നും ഇന്ദിരാ ഗാന്ധിയുടെ കുടുംബത്തിന് മുസ്‌ലിം-ക്രൈസ്തവ പാരമ്പര്യവും പശ്ചാത്തലവുമാണുള്ളതെന്നും ഹിന്ദു കേന്ദ്രങ്ങൾ പ്രചരിപ്പിക്കുന്നു. ഇതിൽ ചരിത്രസത്യമുണ്ട്.

ഇന്ദിരാഗാന്ധിയുടെ ഭർത്താവായിരുന്ന ഫിറോസ്ഖാൻ(ഫിറോസ്ഗാന്ധി) നവാബ്ഖാൻ എന്നയാളിന്റെ പുത്രനായിരുന്നു. നവാബ്ഖാൻ പാഴ്സി സമുദായത്തിലെ ഗാണ്ഡി വിഭാഗത്തിലെ ഒരു സ്ത്രീയെയാണ് വിവാഹം ചെയ്തത്. ഇവർ പിന്നീട് ഇസ്‌ലാംമതം സ്വീകരിച്ചു. ഇവരുടെ മകനാണ് ഫിറോസ്ഗാണ്ഡി എന്ന ഫിറോസ്ഖാൻ. ഇന്ദിരയുമായുള്ള വിവാഹത്തിനുശേഷം ഫിറോസ്ഗാണ്ഡി ഫിറോസ് ഗാന്ധിയായിത്തീരുകയാണുണ്ടായത്. 'Gandy' എന്നുതന്നെ 'Gandhi' എന്ന പദവും ഉച്ചരിക്കാം. മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ പിന്തുടർച്ച അവകാശപ്പെടാൻ കശ്മീരിലെ നെഹ്റു കുടുംബത്തിന് ഗാന്ധികുടുംബവുമായി ഒരു ബന്ധവുമില്ല.

മുസ്‌ലിമായ ഫിറോസ്ഖാന് ഇന്ദിരാഗാന്ധിയിലുണ്ടായ സന്താനങ്ങൾ മുസ്‌ലിംകളാണെന്ന വസ്തുതയാണ് സംഘ്പരിവാർ കേന്ദ്രങ്ങൾ പ്രചരിപ്പിക്കുന്നത്. ഫിറോസിന്റെ പുത്രനായ രാജീവ്ഗാന്ധി സോണിയ ഗാന്ധിയെ വിവാഹം കഴിക്കുന്നതിനു മുമ്പ് കത്തോലിക്ക മതം സ്വീകരിച്ചു. സോണിയാഗാന്ധിയുടെ യഥാർഥ നാമം സാനിയ മെയിനോ എന്നായിരുന്നു. ഇവരുടെ മക്കളാണ് റൗൽ (Raul)ഉം ബിയങ്കയും (Bianca). ഈ പേരുകൾ യഥാക്രമം ഹിന്ദുചുവയുള്ള രാഹുൽ, പ്രിയങ്ക എന്നാക്കി. പേരിൽ മാറ്റമുണ്ടായിട്ടും സോണിയാ ഗാന്ധിയിലൂടെ വന്നെത്തിയ കത്തോലിക്ക വിശ്വാസം പ്രിയങ്കയുടെ വിവാഹത്തിലും തെളിഞ്ഞുകാണാം. പ്രിയങ്കയുടെ ഭർത്താവ് റോബർട്ട് വധേര കത്തോലിക്കാ വിശ്വാസിയാണല്ലോ. (ചില ഇന്ത്യൻ സഭകളുടെ ഹൈന്ദവവൽക്കരണം ഇടക്കിടെ ചർച്ച ചെയ്യപ്പെടുന്നത് ഓർക്കുക). ഫിറോസ് ഖാന്റെ മകനായ സഞ്ജയ്ഗാന്ധിയുടെ മകനാണല്ലോ വരുൺഗാന്ധി. ഈ രീതിയിൽ നെഹ്റു കുടുംബത്തിന്റെ മുസ്‌ലിം-ക്രൈസ്തവ പാരമ്പര്യം പ്രചരിപ്പിക്കുന്ന സംഘ്പരിവാർ ഇപ്പോൾ സിന്ദൂരതിലകമണിഞ്ഞ വരുണിനെ കൊണ്ടുനടന്ന് മുസ്‌ലിം വിരുദ്ധ ഹിന്ദുത്വം പ്രസംഗിപ്പിക്കുന്നത് വിരോധാഭാസവും ചരിത്രപരമായ വിഡ്ഢിത്തവുമാണ്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി സ്ഥാനത്തെത്തിയ സോണിയാഗാന്ധിയെ ഹിന്ദുത്വ കേന്ദ്രങ്ങൾ ഭീഷണിപ്പെടുത്തി മാറ്റിയത് സോണിയയുടെ ക്രൈസ്തവ പാരമ്പര്യം ഉന്നയിച്ചുകൊണ്ടായിരുന്നല്ലോ. ഈ സാഹചര്യമാണ് മൻമോഹൻസിംഗിനെ പ്രധാനമന്ത്രിപദത്തിലെത്തിച്ചത്.

"ഞാൻ ഹിന്ദുവും ഗാന്ധിയും ഇന്ത്യക്കാരനുമാണ്" എന്നാണ് വരുൺ ഗാന്ധി അവകാശപ്പെട്ടിരിക്കുന്നത്. സംഘ്പരിവാർ പറയുന്നതുപോലെ വരുൺ ഹിന്ദുവല്ല. വരുൺ, 'ഗാന്ധി'യാണെന്നും അവകാശപ്പെടുന്നു. ഇത് ഏത് വകുപ്പിലാണെന്ന് അറിയില്ല. ആർക്കും അവകാശപ്പെടാവുന്ന ഒന്നാണോ 'ഗാന്ധിത്വം.' 'ഗാണ്ഡിത്വ'മാണെങ്കിൽ വരുൺ പറയുന്നത് ശരിയാകുമായിരുന്നു. മുസ്‌ലിംകൾ പാകിസ്താനിലേക്ക് പോകണമെന്ന് ആക്രോശിക്കുന്ന മുസ്‌ലിമായ ഈ വിദ്വാൻ സ്വയം 'ക്വിറ്റ് ഇന്ത്യ' പ്രഖ്യാപനം നടത്തുകയല്ലേ ചെയ്തിരിക്കുന്നത്? മാത്രമല്ല മുസ്‌ലിംകളായ പൂർവ പിതാക്കളെ തള്ളിപ്പറയുകയുമാണ്. യു.പിയിലെ പിലിബിറ്റിൽ ഇദ്ദേഹം പറഞ്ഞത് ഇങ്ങനെ: "ആരെങ്കിലും ഹിന്ദുക്കളുടെ നേർക്ക് കൈ ഉയർത്തിയാൽ ഗീതതൊട്ട് ഞാൻ

സത്യം ചെയ്യുന്നു, ആ കൈ ഞാൻ വെട്ടും. ഇത് വെറുമൊരു കൈയല്ല, താമരയുടെ ശക്തിയാണിതിന്. ഇത് മുസ്‌ലിംളുടെ തലകൾ കൊയ്യും. ജയ്ശ്രീറാം... ജയ്ശ്രീറാം. എല്ലാ ഹിന്ദുക്കളും ഇവിടെ കഴിയണം. മറ്റുള്ളവരെ പാകിസ്താനിലേക്ക് കടത്തുക. പേടിപ്പിക്കുന്ന പേരുകൾ ഉള്ളവരാണ് മുസ്‌ലിംകൾ. കരീമുല്ല, നസറുല്ല എന്നിങ്ങനെയാണ് ആ പേരുകൾ. അവരെ രാത്രിയിൽ കണ്ടാൽ ഭയക്കണം.”
വരുണിന്റെ പൂർവ പിതാക്കളായ നവാബ്ഖാൻ, ഫിറോസ് ഖാൻ എന്നിവരുടെ കൈയും വെട്ടുമായിരിക്കും! അവരെയും പാകിസ്താനിലേക്ക് കടത്തുമായിരിക്കും! അതു നല്ലതുതന്നെ, അവരുടെ പിൻമുറക്കാർ പാകിസ്താനിലാണല്ലോ ഉള്ളത്. മുസ്‌ലിം പേരുകൾ ഭയമുണ്ടാക്കുന്നു എന്നാണ് വരുൺ പറയുന്നത്. മുതുമുത്തച്ഛന്മാരായ നവാബ്ഖാന്റെയും ഫിറോസ്ഖാന്റെയും പേരുകളും ഭയം ജനിപ്പിക്കുന്നുണ്ടായിരിക്കും. ഈ അറിവില്ലാ പൈതലിനോട് പൊറുക്കേണമേ! മുസ്‌ലിം നാമധാരികളെ രാത്രിയിൽ കണ്ടാൽ ഭയപ്പെടണമെന്നാണ് പറഞ്ഞിരിക്കുന്നത്, പകൽ കുഴപ്പമില്ലത്രെ! ഇക്കണക്കിന് സ്വന്തം അപ്പൂപ്പനായ ഫിറോസ്ഖാനെ രാത്രി സമയം കണ്ടാലത്തെ സ്ഥിതി എന്തായിരിക്കും! വരുണിന് പിന്തുണയുമായിവന്ന ബാൽതാക്കറെ പറഞ്ഞത് മുസ്‌ലിംകളെപ്പറ്റി വരുൺ പറഞ്ഞത് വാസ്തവമാണെന്നും മാപ്പു പറയേണ്ട കാര്യമില്ലെന്നുമായിരുന്നു. മാത്രമല്ല, വരുൺ പിതാവ് സഞ്ജയ്ഗാന്ധിയെ പോലെയാണെന്നും താക്കറെ പറയുന്നു. സഞ്ജയ് ഗാന്ധി അദ്ദേഹത്തിന്റെ പിതാവ് ഫിറോസ്ഖാനെ പോലെയാണെന്നു പറയാൻ തയാറാകാത്തത് പയ്യൻ പറയുന്നതുപോലെ, ഭയം കൊണ്ടായിരിക്കും. മുസ്‌ലിം സഹോദരങ്ങളേ, നിങ്ങൾ രാത്രികാലത്ത് പുറത്തിറങ്ങാതിരിക്കുക, ‘ഇൻഡ്യക്കാർക്ക്’ പേടിയാകും! ■